(ബി) ഓരോയിനം പച്ചക്കറിയുടെയും പൊതുവിപണിയിലെ വില പ്രത്യേകം വിശദമാക്കാമോ ;

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പച്ചക്കറികളുടെ 14-12-2015-ലെ പൊതുവിപണി വില വിവരപ്പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) പച്ചക്കറികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ് മുഖേന വിപണി ഇടപെടൽ നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 27-11-2015 മുതൽ 31-12-2015 വരെ വിലകൂടിയ പച്ചക്കറി ഇനങ്ങളായ അമര, വെണ്ട, പാവയ്ക്ക, പയർ, വലിയമുളക്, പടവലം, കാരറ്റ്, ബീൻസ്, വെള്ളരി, തക്കാളി, സവാള, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവ 30% സബ്സിഡി നിരക്കിലും മറ്റു പച്ചക്കറി ഇനങ്ങൾ പൊതുവിപണി വിലയേക്കാൾ 10 മുതൽ 15 ശതമാനം വരെ സബ്സിഡി നിരക്കിലും ഹോർട്ടികോർപ്പ് മുഖേന വിപണനം നടത്തുന്നുണ്ട്.

മുലേപ്പാറതോട് സംരക്ഷണം

176 (3382) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യംപുഴ, ഇറവൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നതും കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗപ്രദവുമായ മുലേപ്പാറ തോട് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത തോട് സംരക്ഷിക്കുന്നതിന് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) അയ്യംപുഴ, ഇറവൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നതും കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗപ്രദവുമായ മുലേപ്പാറതോട് സംരക്ഷിക്കുന്നതിന് ആർ.കെ.വി.വൈ. നിയമാവലി അനുസരിച്ചുള്ള പദ്ധതിയൊന്നും ലഭിച്ചിട്ടില്ല. ആർ.കെ.വി.വൈ. നിയമാവലി അനുസരിച്ചുള്ള പദ്ധതി ലഭിച്ചാൽ ബന്ധപ്പെട്ട കമ്മിറ്റികളിലേക്ക് ശിപാർശ ചെയ്യുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly